പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2498

20.06.2012-ൽ മറുപടിയ്ക്ക്

ഡെസ്റ്റിനേഷൻ മാനേജ്മെന്റ്

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| | ശ്രീ. സാജു പോൾ | | ശ്രീ. എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| എ) | കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനവും മാനേജ്മെന്റും ലക്ഷ്യമിട്ട് മുൻ സർക്കാർ ആരംഭിച്ച ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലിൻെറ (ഡി.എം.സി) പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | പ്രസ്തുത കൗൺസിലിന്റെ ഘടനയും പ്രവർത്തനങ്ങളും എന്തെല്ലാമാണെന്ന് അറിയിക്കുമോ; | ബി ) | ടൂറിസം ഡെസ്റ്റിനേഷൻ പൂർത്തീകരിക്കുന്ന പദ്ധതികൾ ഏറ്റെടുക്കുക, പരിപാലിക്കുക, അവയുടെ അടിസ്ഥാന സൗകര്യങ്ങൾ, പുതിയ വികസന സാധ്യതകൾ ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിച്ചിട്ടുള്ളത്. ഡെസ്റ്റിനേഷൻ സ്ഥിതി ചെയ്യുന്ന മണ്ഡലത്തിലെ എം.എൽ.എ ചെയർമാനായും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ പ്രസിഡന്റ് വൈസ് ചെയർമാനായും , ഡി.റ്റി.പി.സി സെക്രട്ടറി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായാണ് ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിച്ചിട്ടുള്ളത്. |
| സി) | നിലവിലുള്ള ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സാധിച്ചിട്ടുള്ളതായി കരുതുന്നുണ്ടോ; | സി ) | കൗൺസിലുകളുടെ പ്രവർത്തനം കാര്യക്ഷമമായി വരുന്നതേയുള്ളൂ. പ്രവർത്തനം ഊർജ്ജിതമാക്കാനുള്ള നടപടികൾ വകുപ്പ് തലത്തിലും ഡി.റ്റി.പി.സികൾ വഴിയും സ്വീകരിച്ചു വരുന്നു. |
| ഡി) | ഈ സർക്കാരിൻെറ കാലത്ത് പുതുതായി ഡി എം.സി കൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | ഡി) | ഉണ്ട്. കണ്ണൂർ ജില്ലയിലെ മീൻകുന്ന് ബീച്ച്, കോഴിക്കോട് ജില്ലയിലെ സരോവരം ബയോ പാർക്ക്, ആലപ്പുഴ ജില്ലയിലെ പാതിരാമണൽ, തൃശ്ശൂർ ജില്ലയിലെ ആതിരപ്പള്ളി-വാഴച്ചാൽ -തുമ്പൂർമൂഴി, എറണാകുളം ജില്ലയിലെ ഭൂതത്താൻ കെട്ട്, കോട്ടയം ജില്ലയിലെ വൈക്കം എന്നിവിടങ്ങളിൽ രൂപീകരിച്ചിട്ടുണ്ട്. |

Salmll
സെക്ഷൻ ഓഫീസർ